**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 632** **06-12-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭക ആശയങ്ങൾക്ക് സമ്മാന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ സംരംഭങ്ങളാക്കാൻ കഴിയുന്ന ആശയങ്ങൾ നൽകുന്നവർക്ക് സമ്മാനം നൽകുന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഉണ്ട്.<br><br>വ്യവസായ സംരംഭങ്ങളാക്കാൻ കഴിയുന്ന ആശയങ്ങൾ നൽകുന്നവർക്ക് സമ്മാനം നൽകുന്നതിനായി "ഡ്രീംവെസ്റ്റർ" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സംരംഭക വർഷം പദ്ധതിയുടെ പശ്ചാത്തലത്തിൽ നടപ്പിലാക്കുന്ന സംരംഭകത്വ വികസന പദ്ധതിയുടെ ഭാഗമായി നവ സംരംഭകരിൽ നിന്നും നൂതന ആശയങ്ങൾ ലഭ്യമാക്കുകയും പ്രസ്തുത ആശയങ്ങളെ സംരംഭങ്ങളാക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഡ്രീംവെസ്റ്റർ പദ്ധതിയുടെ ലക്ഷ്യം. വിദഗ്ധരായ പാനലിനു മുന്നിലാണ് ആശയങ്ങൾ അവതരിപ്പിക്കേണ്ടത്. 4 ഘട്ടങ്ങളിലായാണ് മത്സരം സംഘടിപ്പിക്കുന്നത്. 20 പേരെയാണ് നാലാം ഘട്ടത്തിൽ സെലക്ട് ചെയ്യുന്നത്. നാലാം ഘട്ടമായ ഫൈനൽ മത്സരത്തിൽ ഒന്നാം സ്ഥാനം കൈവരിക്കുന്നവർക്ക് 5 ലക്ഷം രൂപയും രണ്ടാം സ്ഥാനക്കാർക്ക് 3 ലക്ഷം രൂപയും മൂന്നാം സ്ഥാനക്കാർക്ക് 2 ലക്ഷം രൂപയും 4 മുതൽ 10 സ്ഥാനം വരെയുള്ളവർക്ക് 1 ലക്ഷം രൂപ വീതവും 11 മുതൽ 20 സ്ഥാനം വരെയുള്ളവർക്ക് 25,000/- രൂപ വീതവും സമ്മാനം ലഭിക്കും.<br><br>www.dreamvestor.in എന്ന വെബ് സൈറ്റിലൂടെ 2022 ഡിസംബർ 23 വരെ ആശയങ്ങൾ സമർപ്പിക്കുവാനുള്ള അവസരങ്ങൾ ഉണ്ടാകും. കേരളം സംരംഭക സൗഹൃദമായി വളരുമ്പോൾ സംരംഭകരോടുള്ള സർക്കാരിന്റെ പ്രതിബദ്ധത തെളിയിക്കുന്ന പരിപാടിയായി "ഡ്രീംവെസ്റ്റർ" മാറും എന്ന് പ്രതീക്ഷിക്കുന്നു |
| (ബി) | പ്രസ്തുത ആശയങ്ങൾ പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ | (ബി) | ഉണ്ട്. **www.dreamvestor.in** എന്ന വെബ് സൈറ്റിലൂടെ 2022 ഡിസംബർ 23 വരെ |

| | | | |
|---|---|---|---|
| | പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | നവസംരംഭകർക്ക് ആശയങ്ങൾ സമർപ്പിക്കുവാനുള്ള അവസരങ്ങൾ ഉണ്ടാകും. |
| (സി) | ആശയങ്ങൾ സമർപ്പിക്കുമ്പോൾ അവയിൽ സമ്മാനർഹരെ കണ്ടെത്തുന്നതിന് അവലംബിക്കുന്ന രീതി ഏതാണെന്ന് വ്യക്തമാക്കുമോ? | (സി) | "ഡ്രീംവെസ്റ്റർ" മത്സരത്തിൽ നൂതന ആശയങ്ങൾ അവതരിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>മത്സരാർത്ഥി ഇന്ത്യൻ പൗരനും കേരളീയനും ആയിരിക്കണം, 18 വയസ്സിനും 35 വയസ്സിനും ഇടയിൽ പ്രായമുള്ളവരായിരിക്കണം, 2022 ഒക്ടോബർ 31ന് 18 വയസ്സ് പൂർത്തിയാകേണ്ടതും 35 വയസ്സ് അധികരിക്കാൻ പാടില്ലാത്തതുമാകുന്നു. ഒരു മത്സരാർത്ഥിക്ക് ഒരു ബിസിനസ്സ് ആശയം മാത്രമേ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. മുമ്പ് ഏതെങ്കിലും അവാർഡുകൾ ലഭിച്ചിട്ടുള്ള ആശയങ്ങൾ സമർപ്പിക്കാൻ പാടില്ലാത്തതാണ്. അപേക്ഷ സമർപ്പിക്കുന്നതിന് പ്രത്യേക ഫീസ് ഇല്ല. 4 ഘട്ടങ്ങളിലായാണ് മത്സരം സംഘടിപ്പിക്കുന്നത്. ഒന്നാം ഘട്ടത്തിൽ നിന്നും 100 പേരെയും രണ്ടാം ഘട്ടത്തിൽ നിന്നും 50 പേരെയും മൂന്നാം ഘട്ടത്തിൽ നിന്നും 20 പേരെയുമാണ് സെലക്ട് ചെയ്യുന്നത്. ഈ ഇരുപത് പേർ നാലാം ഘട്ടമായ ഫൈനൽ റൗണ്ടിൽ മത്സരിക്കുകയും ചെയ്യുന്നു. ഓരോ റൗണ്ടിലും ആശയങ്ങൾ സെലക്ട് ചെയ്യുന്നതിന് വിദഗ്ദ്ധരടങ്ങിയ ഒരു പാനൽ ഉണ്ടായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ